## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2973** — **15.02.2013-ൽ മറുപടി പറയേണ്ടിയിരുന്നത്**

### കാസർഗോഡ് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഉന്നതതല ചർച്ചകൾ നടത്തിവരുന്നുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി, ബഡ്ജറ്റിൽ എന്ത് തുക വക കൊള്ളിച്ചിട്ടുണ്ടെന്നും ഈ മെഡിക്കൽ കോളേജിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | (ബി) 2012-13 ബഡ്ജറ്റിൽ '4210-03-105-58' എന്ന ശീർഷകത്തിൽ 343 ലക്ഷം രൂപയും '4210-03-105-65' എന്ന ശീർഷകത്തിൽ 282 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ബദിയടുക്ക പഞ്ചായത്തിലെ ഉക്കിനടുക്കയിലാണ് പുതിയ മെഡിക്കൽ കോളേജിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ